**"ഭരണഭാഷ – മാതൃഭാഷ"**

**കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസറുടെ നടപടിക്രമം**

**കോളേജ് വിദ്യാഭ്യാസ വകുപ്പ്- വകുപ്പ് തല ആഡിറ്റ് റിപ്പോർട്ടിന്റെ കുടിശ്ശിക ഫയലുകൾ - 2013 ഏപ്രിൽ - അദാലത്ത് - ഉത്തരവാകുന്നു.**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

നമ്പർ.ആഡിറ്റ് വി1/105821/2012/കോ.വി.വ. തീയതി: 06/03/2013.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 22-11-2012 ലെ ഈ ഓഫീസിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

**ഉത്തരവ്**

പരാമർശം സർക്കുലർ പ്രകാരം ഈ വകുപ്പിന് കീഴിലുള്ള താഴെപ്പറയുന്ന സർക്കാർ സ്ഥാപനങ്ങളിൽ കുടിശ്ശികയുള്ള വകുപ്പ് തല ആഡിറ്റ് റിപ്പോർട്ട് ഫയലുകൾ തീർപ്പാക്കുന്നതിനായി2013 ഏപ്രിൽ മാസത്തിൽ അദാലത്ത് നടത്തുന്നതിന് ആഡിറ്റ് വിഭാഗത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അദാലത്ത് തീയതി | സെക്ഷൻ |
|---|---|---|---|
| 1. | സർക്കാർ ട്രെയിനിംഗ് കോളേജ്, കോഴിക്കോട് | 02/04/2013 | യു-1 |
| 2. | മേഖലാ ഓഫീസ്, കോഴിക്കോട് | 03/04/2013 | യു-2 |
| 3. | സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | 04/04/2013 | വി-1 |
| 4. | സർക്കാർ കോളേജ്, മടപ്പള്ളി | 05/04/2013 | വി-2 |
| 5. | സർക്കാർ കോളേജ്, കട്ടപ്പന | 09/04/2013 | ഡബ്ല്യു-1 |
| 6. | സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ | 10/04/2013 | ഡബ്ല്യു-2 |
| 7. | സർക്കാർ നിയമകോളേജ്, തൃശ്ശൂർ | 11/04/2013 | ഡബ്ല്യു-3 |
| 8. | സർക്കാർ ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം | 29/4/2013 (പുന:പരിശോധന) | ഡബ്ല്യു-2 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ സൂപ്പർവൈസറി ഓഫീസറും ബന്ധപ്പെട്ട ക്ലാർക്കും ( ക്ലാസ് 4 ജീവനക്കാരുടെ സേവനം ആവശ്യമെങ്കിൽ പ്രയോജനപ്പെടുത്താവുന്നതാണ്) വകുപ്പ് തല ആഡിറ്റ് റിപ്പോർട്ട് ഫയലുകളിൽ തീർപ്പാകാതെയുള്ള തടസ്സവാദങ്ങൾക്ക് മതിയായ മറുപടി തയ്യാറാക്കി ആവശ്യമായ പ്രമാണങ്ങളും, രേഖകളും സഹിതം തിരുവനന്തപുരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആഡിറ്റ് വിഭാഗത്തിൽ മേൽപ്പറഞ്ഞ തീയതികളിൽ ഹാജരാകേണ്ടതാണ്.

ഇങ്ങനെ നിയോഗിക്കപ്പെടുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ നിയമപ്രകാരമുള്ള യാത്രാബത്തയ്ക്ക് അർഹരാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവ് അറിയിപ്പായി കണക്കാക്കേണ്ടതാണ്.

(ഒപ്പ്/-)
എഫ്. മുഹമ്മദ് റാഫി
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

അംഗീകാരത്തോടെ
സൂപ്രണ്ട്

പകർപ്പുകൾ:-

1. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്
2. ഡയറക്ടറുടെ സി.എ.
3. സി. എ.ഒ. യുടെ സി.എ.
4. സി. എഫ്.ഒ. യുടെ സി.എ.
5. സീനിയർ എ.എ.
6. എ.ഒ. (ആഡിറ്റ്)
7. ആഡിറ്റ് വിഭാഗം ഉദ്യോഗസ്ഥർക്ക്
8. കരുതൽ ഫയൽ